സർജറി സാധനങ്ങൾ, മരുന്ന് തുടങ്ങിയവ സംബന്ധിച്ച ക്രമക്കേടുകൾ

147 (151) ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1998-ൽ കോഴിക്കോട് മെഡിക്കൽ കോളേജാശുപത്രിയിലെ സ്റ്റോറിൽ നിന്നും സർജറി സാധനങ്ങൾ, മരുന്ന് തുടങ്ങിയവ സംബന്ധിച്ച ക്രമക്കേടുകൾ നടത്തിയതുമായി ബന്ധപ്പെട്ട് എത്ര പേരെ സസ്പെന്റ് ചെയ്തിട്ടുണ്ട് ;

(ബി) ഇവരിൽ എത്രപേർ കുറ്റക്കാരല്ലെന്ന് തെളിഞ്ഞിട്ടുണ്ട് ;

(സി) വിജിലൻസ് അന്വേഷണവും മറ്റു നടപടികളും പൂർത്തിയാക്കുന്നതിന് മുമ്പ് ആർക്കെങ്കിലും ഇരട്ട പ്രമോഷൻ നൽകി സ്റ്റേറ്റ് സ്റ്റോർ ഓഫീസറായി നിയമനം നൽകിയിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇത് നിയമപരമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(ഇ) ഇല്ലെങ്കിൽ ഈ പ്രൊമോഷൻ നൽകയതിനെക്കുറിച്ച് അന്വേഷിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) മൂന്നുപേരെ സസ്പെന്റ് ചെയ്തിട്ടുണ്ട്.

(ബി) പ്രഥമ ദൃഷ്ട്യാ കുറ്റക്കാരെന്ന് കണ്ടവരുടെ പേരിൽ അച്ചടക്ക നടപടി ആരംഭിച്ചത് പൂർത്തീകരിച്ചിട്ടില്ല. അതുകൊണ്ട് എത്രപേർ കുറ്റക്കാരല്ല എന്ന് ഇപ്പോൾ പറയാൻ നിർവ്വാഹമില്ല.

(സി) ഇല്ല.

(ഡി&ഇ) ചോദ്യം ഉദിക്കുന്നില്ല.

എം.ബി.ബി.എസ്-ന് പ്രവേശനം നിഷേധിക്കപ്പെട്ടവർക്ക് പ്രവേശനം

148 (152) ശ്രീമതി കെ. ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1998-ലെ എം.ബി.ബി.എസ് പ്രവേശനത്തിൽ നടന്ന സംവരണ ക്രമക്കേടുകളെത്തുടർന്ന് പ്രവേശനം നിഷേധിക്കപ്പെടുകയും പിന്നീട് ഹൈക്കോടതിയുടേയും സുപ്രീംകോടതിയുടേയും ഉത്തരവ് പ്രകാരം പ്രവേശനത്തിന് അർഹത നേടുകയും ചെയ്ത എൻ. ആർ. പ്രശാന്ത്, മുൻവർ റഹ്മാൻ, മുഹമ്മദ് ബഷീർ, ഷമീം അഹമ്മദ്, എസ്. നവീൻ എന്നീ വിദ്യാർത്ഥികൾക്ക് പിന്നീട് പ്രവേശനം നൽകിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ; ഈ വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഷമീം അഹമ്മദ്, മുൻവർ റഹ്മാൻ എന്നീ വിദ്യാർത്ഥികൾക്ക് തൃശ്ശൂർ മെഡിക്കൽ കോളേജിലും, മുഹമ്മദ് ബഷീർ എന്ന വിദ്യാർത്ഥിക്ക് കോഴിക്കോട് മെഡിക്കൽ കോളേജിലും കോളേജ് പ്രിൻസിപ്പാൽമാർ പ്രവേശനം നൽകിയിട്ടുണ്ട്. എസ്. നവീൻ. എൻ. ആർ. പ്രശാന്ത് എന്നീ വിദ്യാർത്ഥികളുടെ പ്രവേശനം സംബന്ധിച്ച പ്രശ്നം സർക്കാർ പരിശോധിച്ചുവരുന്നു.

സ്റ്റാഫ് നേഴ്സുമാരുടെ തസ്തികകൾ സൃഷ്ടിക്കുവാൻ നടപടി

149 (153) ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ വേണ്ടത്ര സ്റ്റാഫ് നേഴ്സുമാരുടെ സേവനം ലഭ്യമല്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇവിടെ എത്ര സ്റ്റാഫ് നേഴ്സുമാർ ജോലി നോക്കുന്നുണ്ടെന്ന് അറിയിക്കാമോ ;

(സി) സ്റ്റാഫ് നേഴ്സുമാരുടെ എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുവെന്ന് വെളിപ്പെടുത്താമോ ;

(ഡി) പുതുതായി സ്റ്റാഫ് നേഴ്സുമാരുടെ തസ്തിക സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) ഒഴിവുകളിൽ അടിയന്തിരമായി നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) 353

(സി) ഒരു തസ്തിക.

(ഡി) തൽക്കാലം പരിഗണനയിലില്ല.

(ഇ) മേൽപ്പറഞ്ഞ ഒഴിവ് നികത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

മഞ്ചേശ്വരം ഗവൺമെന്റ് ആശുപത്രി അപ്ഗ്രേഡ് ചെയ്യാൻ നടപടി

150 (154) ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേശ്വരം ഗവൺമെന്റ് ആശുപത്രി അപ്ഗ്രേഡ് ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഏതു തരത്തിലുള്ള ആശുപത്രിയാക്കാനാണ് ഉദ്ദേശിക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly